ഉത്തരം

(എ) 30-6-2004 വരെ 3309 കേസ്സുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്. വിശദമായ പരിശോധനയും അന്വേഷണവും ആവശ്യമില്ലാത്തവ 90 ദിവസത്തിനകവും, ആവശ്യമുള്ളവ 150 ദിവസത്തിനകവും തീർപ്പുകൽപ്പിക്കണം.

(സി) 99 കേസ്സുകൾ.

(ഡി) വാദം പൂർത്തിയാക്കി ഉത്തരവിനായി എടുത്തിട്ടുള്ള കേസ്സുകളിൽ ഒരു വർഷമായിട്ടും വിധിയുണ്ടാകാത്ത പരാതികളിൽ എല്ലാം തന്നെ വിവിധ കാരണങ്ങളാൽ വീണ്ടും വാദം കേൾക്കുവാനായി പോസ്റ്റ് ചെയ്തിട്ടുള്ളതും കക്ഷികൾ ഹാജരായ കേസ്സുകളിൽ വീണ്ടും വാദം നടന്നുകൊണ്ടിരിക്കുകയുമാണ്.

സംസ്ഥാന സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

53 [2022] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാംസ്കാരിക വകുപ്പിനുകീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്;

(ബി) ഈ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണ രീതി എപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന് പ്രസ്തുത സ്ഥാപനങ്ങളുടെ മേലുള്ള നിയന്ത്രണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോവർഷവും ഓരോ സ്ഥാപനത്തിനും കഴിഞ്ഞ 3 വർഷത്തിനുള്ളിൽ നൽകിയ ബഡ്ജറ്റ് വിഹിതവും ഗ്രാന്റും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണം ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി സാംസ്കാരിക സ്ഥാപനങ്ങളെ സാംസ്കാരിക വകുപ്പിന്റെ ഡയറക്ടറേറ്റിനു കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ;

(ജി) സാംസ്കാരിക വകുപ്പ് ധനസഹായം നൽകുന്ന എത്ര ട്രസ്റ്റുകളും സാംസ്കാരിക സംഘങ്ങളും സൊസൈറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്;

(എച്ച്) ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനുവേണ്ട മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, ഭാരത് ഭവൻ, വാസ്തുവിദ്യാ ഗുരുകുലം, സെന്റർ ഫോർ ചാരിറ്റബിൾ സ്റ്റഡീസ്, എം.പി.സി.സി., കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാന

LIBRARY ARCHIVES Kerala Legislative Assembly

കോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, കുമാരനാശാൻ സ്മാരകം, ഗുരുഗോപിനാഥ് നടനഗ്രാമം, ജവഹർ ബാലഭവൻ (തിരുവനന്തപുരം ആന്റ് തൃശ്ശൂർ), കുഞ്ചൻ നമ്പ്യാർ സ്മാരകം (അമ്പലപ്പുഴ, കിള്ളിക്കുറിശ്ശിമംഗലം), ഗോവിന്ദ പൈ സ്മാരകം, സരസകവി മൂലൂർ സ്മാരകം, സഹോദരനയ്യപ്പൻ സ്മാരകം, അപ്പൻ തമ്പുരാൻ സ്മാരകം, എ. ആർ. രാജരാജവർമ്മ സ്മാരകം, മോയിൻകുട്ടി വൈദ്യർ സ്മാരകം, കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി, കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷൻ, സി-ഡിറ്റ് തുടങ്ങിയ സ്ഥാപനങ്ങളാണ് സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത്.

(ബി) 1955-ലെ തിരു-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സ്ഥാപനങ്ങൾക്ക് ഓരോന്നിനും പ്രത്യേകമായ ബൈലായും റൂളും ഉണ്ട്. കേരള ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ഒരു പൊതുമേഖലാ സ്ഥാപനമാണ്.

(സി) സർക്കാർ സംഘടിപ്പിക്കുന്ന കമ്മിറ്റികളാണ് ഈ സ്ഥാപനങ്ങളുടെ ഭരണം നടത്തുന്നത്.

(ഡി) അനുബന്ധമായി ചേർക്കുന്നു. †

(ഇ ആന്റ് എഫ്) ഉണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ജി) ട്രസ്റ്റുകളും സംഘങ്ങളും സൊസൈറ്റികളുമായി 61 സ്ഥാപനങ്ങൾക്ക് വാർഷിക ധനസഹായം നൽകിവരുന്നു. കൂടാതെ അപേക്ഷ ലഭിക്കുന്നതനുസരിച്ച് ബഡ്ജറ്റുവിഹിതത്തിനനുസരണമായി നിരവധി സ്ഥാപനങ്ങൾക്ക് അനാവർത്തന ധനസഹായവും നൽകുന്നുണ്ട്.

(എച്ച്) സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നു എന്ന് പ്രത്യക്ഷത്തിൽ ബോദ്ധ്യമുള്ളവയും മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി പ്രത്യക്ഷമായോ പരോക്ഷമായോ പ്രവർത്തിക്കാത്തതും നാടൻകലകൾ, ക്ലാസ്സിക് കലകൾ, പ്രാചീനകലകൾ, സംഗീതം, ശില്പം, നൃത്തനൃത്യനാട്യങ്ങൾ എന്നിവകളെ പ്രോത്സാഹിപ്പിക്കുന്നവയും മൺമറഞ്ഞ കലാസാംസ്കാരിക സാഹിത്യ നായകന്മാരുടെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി പ്രവർത്തിക്കുന്നവയുമായ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനരീതികളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ധനസഹായം ചെയ്യുന്നത്.

സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ സ്ഥാപനങ്ങൾ

54 [2023] ശ്രീ. പിരപ്പൻകോട് മുരളി:
,, സാജു പോൾ:
,, രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 53 (2022) കാണുക]

അനുവദിച്ച തുക (ലക്ഷത്തിൽ)

സ്ഥാപനത്തിന്റെ പേര്	*ബഡ്ജറ്റ് വിഹിതം 2001-2002*	*ഗ്രാന്റ് 2001-2002*	*ബഡ്ജറ്റ് വിഹിതം 2002-2003*	*ഗ്രാന്റ് 2002-2003*	*ബഡ്ജറ്റ് വിഹിതം 2003-2004*	*ഗ്രാന്റ് 2003-2004*
(1)	(2)	(3)	(4)	(5)	(6)	(7)
കേരള കലാമണ്ഡലം	130.50	109.50	160.50	180.50	165.83	143.13
കേരള സാഹിത്യ അക്കാദമി	56.71	49.01	53.58	53.58	56.43	49.43
കേരള ലളിത കലാ അക്കാദമി	40.36	32.86	60.55	50.00	58.21	42.80
കേരള സംഗീതനാടക അക്കാദമി	48.79	41.29	50.00	50.00	53.05	46.55
ഭാരത് ഭവൻ	5.40	1.40	4.40	4.40	3.54	3.14
ഫോക്‌ലോർ അക്കാദമി	15.00	11.25	22.00	22.00	17.00	14.50
കുമാരനാശാൻ സ്മാരകം, തോന്നയ്ക്കൽ	1.25	1.25	26.25	26.25	1.25	1.25
ഗുരു ഗോപിനാഥ് നടനഗ്രാമം, തിരുവനന്തപുരം	15.00	11.25	10.00	10.00	8.00	8.00
ജവഹർ ബാലഭവൻ, തിരുവനന്തപുരം	10.56	10.56	9.3616	9.3616	8.56	8.56
ജവഹർ ബാലഭവൻ, തൃശ്ശൂർ	3.50	3.50	2.25	2.25	3.10	3.10
കുഞ്ഞൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം	1.25	1.25	2.25	2.25	3.25	3.25
കുഞ്ഞൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ	1.75	1.75	0.75	0.75	2.75	2.75
ഗോവിന്ദ പൈ സ്മാരകം, കാസർഗോഡ്	0.375	..	0.375	0.375	..	..

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII—(തുടർച്ച)

സ്ഥാപനത്തിന്റെ പേര്	*ബഡ്ജറ്റ് വിഹിതം 2001-2002*	*ഗ്രാന്റ് 2001-2002*	*ബഡ്ജറ്റ് വിഹിതം 2002-2003*	*ഗ്രാന്റ് 2002-2003*	*ബഡ്ജറ്റ് വിഹിതം 2003-2004*	*ഗ്രാന്റ് 2003-2004*
(1)	(2)	(3)	(4)	(5)	(6)	(7)
സഞ്ജയൻ സ്മാരകം, എലവുംതിട്ട	0.75	0.75	0.75	0.75	1.65	1.65
സഹോദരൻ അയ്യപ്പൻ സ്മാരകം, ചെറായി	1.00	1.00	1.00	1.00	1.00	1.00
അപ്പൻ തമ്പുരാൻ സ്മാരകം	1.00	0.50	1.00	1.00	1.00	1.00
എ. ആർ. രാജരാജവർമ്മ സ്മാരകം, മാവേലിക്കര	1.00	..	1.00	1.00	1.00	1.00
മോയിൻകുട്ടി വൈദ്യർ സ്മാരകം	0.50	0.50	0.50	0.50	5.50	5.50
കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി	203.50	170.50	178.50	157.50	213.50	178.50
കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷൻ	125.00	93.75	55.00	40.00	55.00	55.00
സി-ഡിറ്റ്	101.00	74.75	36.00	36.00	50.00	42.50
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്	173.05	98.05	123.05	123.05	130.35	130.35
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്	64.2	57.20	59.20	59.20	61.62	56.37
സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്	87.06	82.06	97.06	97.06	103.00	97.00
കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി	10.00	7.50	..	..	20.00	20.00
വാസ്തു വിദ്യാ ഗുരുകുലം	20.00	15.00	25.00	15.00	25.00	25.00
സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്	8.00	5.60	10.00	10.00	15.00	15.00
എം.പി.സി.സി., തിരുവനന്തപുരം	125.00	125.00	50.00	40.00	70.00	70.00